## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 03.07.2025**

## പ്രധാനവാർത്തകൾ

1. ഇന്ത്യയും ഘാനയും ജനാധിപത്യ മൂല്യങ്ങളാൽ ബന്ധിതമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. കോട്ടയം കോഴായിൽ സ്ഥാപിച്ച സയൻസ് സിറ്റിയുടെ ഒന്നാംഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

3. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെട്ടിടം തകർന്നുവീണ് സ്ത്രീ മരിച്ചു. രക്ഷാപ്രവർത്തനത്തിൽ വീഴ്ച പറ്റിയിട്ടില്ലെന്ന് മന്ത്രി വീണാ ജോർജ്.

4. കോട്ടയം മെഡിക്കൽ കോളേജ് മുഖ്യമന്ത്രി സന്ദർശിച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു.

5. പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ വന നിയമങ്ങളിർ കാലാനുസൃതമായ മാറ്റം അനിവാര്യമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ.

6. ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യ മികച്ച സ്കോറിലേക്ക്.

***************

RNU TVPM

## പി എം ഘാന (ഇൻട്രോ)

ഇന്ത്യയും ഘാനയും ജനാധിപത്യ മൂല്യങ്ങളാൽ ബന്ധിതമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ ജനാധിപത്യം ലോകത്തിന് പ്രതീക്ഷയും ശക്തിയും നൽകുന്നതായും പ്രധാനമന്ത്രി പറഞ്ഞു. ഘാന പാർലമെൻറിനെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാന മന്ത്രി.
(ഹോൾഡ് വോയ്സ്.........)
ഘാന പ്രസിഡൻറുമായും വൈസ് പ്രസിഡൻറുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തി. വിവിധ മേഖലകളിലെ നാല് ധാരണാപത്രങ്ങളിൽ ഇരു രാജ്യങ്ങളും ഒപ്പു വച്ചു. ഘാനയുടെ ദേശീയ ബഹുമതി പ്രസിഡന്റ് ജോൺ മഹാമ ശ്രീ മോദിക്ക് സമ്മാനിച്ചു. ഘാന സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലേക്ക് തിരിച്ചു.

***************

## സയൻസ് സിറ്റി ഉദ്ഘാടനം

ശാസ്ത്രത്തിൻറെ പ്രസക്തി വർദ്ധിക്കുന്നതായും ശാസ്ത്രാവബോധമുള്ള പുതുതലമുറയെ വളർത്തിയെടുക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കോട്ടയം കോഴായിൽ സ്ഥാപിച്ച സയൻസ് സിറ്റിയുടെ ഒന്നാംഘട്ടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സയൻസിറ്റി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി ആർ. ബിന്ദു അധ്യക്ഷയാകുന്ന ചടങ്ങിൽ കേന്ദ്രമന്ത്രി ഗജേന്ദ്രസിങ് ശെഖാവത്ത്, മന്ത്രി വി.എൻ. വാസവൻ എന്നിവർ മുഖ്യാതിഥികളായി. ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൻറെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 30 ഏക്കറിലാണ് സയൻസ് സിറ്റിയുടെ നിർമാണം. വിപുലമായ ജൈവ വൈവിധ്യ പാർക്കിൻറെ നിർമാണവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

***************

PRUTVPM

## മുഖ്യമന്ത്രി-കോട്ടയം

വിവിധ സർക്കാർ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ കോട്ടയത്ത് അവലോകന യോഗം ചേർന്നു. കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളുടെ യോഗമാണ് നടന്നത്. മന്ത്രിമാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

***************

## ആർ ബിന്ദു

ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അക്കാദമിക നിലവാരം വർദ്ധിപ്പിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഉന്നത വിദ്യാഭ്യാസമന്ത്രി ആർ ബിന്ദു. അതിനുതകുന്ന പ്രവർത്തനങ്ങളാണ് കഴിഞ്ഞ ഒമ്പത് വർഷമായി സംസ്ഥാനത്ത് നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു. പത്തനംതിട്ട പന്തളം എൻ.എസ്.എസ്. കോളേജിൽ റൂസ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച പുതിയ അക്കാദമിക്ക് ബ്ലോക്കിൻറെ ഉദ്ഘാടനം മന്ത്രി നിർവ്വഹിച്ചു.

RJUTVPM

***************

## കോട്ടയം മെഡിക്കൽ കോളെജ്

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെട്ടിടം തകർന്നുവീണ് സ്ത്രീ മരിച്ചു. തലയോലപ്പറമ്പ് സ്വദേശിനി ബിന്ദുവാണ് മരിച്ചത്. അത്യാഹിത വിഭാഗത്തിലെത്തിച്ച് അടിയന്തര ചികിത്സ ലഭ്യമാക്കിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മകളുടെ ചികിത്സാർത്ഥം ആശുപത്രിയിൽ എത്തിയതായിരുന്നു. രണ്ട് പേർക്ക് പരിക്കേറ്റിട്ടുണ്ട്. മുഖ്യമന്ത്രി പിണറായി വിജയൻ ആശുപത്രി സന്ദർശിച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു.

***************

## വീണാ ജോർജ്ജ് - കോട്ടയം

കോട്ടയം മെഡിക്കൽ കോളേജിലെ കെട്ടിടം ഇടിഞ്ഞ് വീണ് സ്ത്രീ മരിച്ച സംഭവം ദൗർഭാഗ്യകരമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. സംഭവത്തെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയതായും മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. രക്ഷാപ്രവർത്തനത്തിൽ വീഴ്ച പറ്റിയിട്ടില്ലെന്നും സാധ്യമായതെല്ലാം ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഉദ്യോഗസ്ഥർ പറഞ്ഞ കാര്യങ്ങളാണ് ആദ്യഘട്ടത്തിൽ വിശദീകരിച്ചതെന്നും ഇത് സംബന്ധിച്ച കാര്യങ്ങൾ അന്വേഷിക്കുമെന്നും മന്ത്രി അറിയിച്ചു.

***************

## കോട്ടയം മെഡി. കോളെജ്- പ്രതികരണം

കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം ഇടിഞ്ഞു വീണ് രോഗിയുടെ അമ്മ മരിച്ച സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് യുഡിഎഫ്. അപകടം നടന്ന രണ്ട് മണിക്കൂറുകൾക്ക് ശേഷമാണ് രക്ഷാപ്രവർത്തനം തുടങ്ങിയതെന്നും യുഡിഎഫ് ആരോപിച്ചു.

അതേസമയം അപകടമുണ്ടായപ്പോൾ ഉപയോഗമില്ലാത്ത കെട്ടിടമാണ് തകർന്നതെന്ന് പറഞ്ഞ് രക്ഷപ്പെടാനായിരുന്നു സർക്കാരിൻ്റെ ശ്രമമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി. ആരോഗ്യ മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് മന്ത്രിയുടെ വസതിയിലേക്ക് നാളെ ബിജെപി പ്രതിഷേധ മാർച്ച് നടത്തും.

***************

## മന്ത്രി എ കെ ശശീന്ദ്രൻ

പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ വന നിയമങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തേണ്ടത് അനിവാര്യമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. കോട്ടയം സി എം എസ് കോളേജിൽ വനമഹോത്സവത്തിൻ്റെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ട്രീ ബാങ്ക് പദ്ധതിയിലൂടെ

PRD TVPM

ചന്ദനം ഉൾപ്പെടെ വിലകൂടിയ മരങ്ങൾ നട്ട് വളർത്തി ആദായം എടുക്കാനുമുള്ള സൗകര്യം കർഷകർക്ക് ലഭിക്കുന്നതായും അദ്ദേഹം പറഞ്ഞു.

***************

## വി.എസ്. മെഡിക്കൽ ബുള്ളറ്റിൻ

മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻറെ ആരോഗ്യനില അതീവ ഗുരുതരമായി തുടരുന്നു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ കഴിയുന്ന അദ്ദേഹം മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെന്ന് ഡോക്ടർമാർ മെഡിക്കൽ ബുള്ളറ്റിനിലൂടെ അറിയിച്ചു.

***************

## ജലജന്യ പകർച്ചവ്യാധികൾ-കണ്ണൂർ(ഇൻട്രോ)

ജലജന്യ പകർച്ചവ്യാധികൾ തടയുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാന ശുചിത്വമിഷൻ നടത്തുന്ന മാലിന്യമുക്തം - രോഗമുക്തം ക്യാമ്പയിന് കണ്ണൂരിൽ തുടക്കമായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ ശശിധരൻ

(വോയിസ്)

RNU TVPM

***************

## ക്രിക്കറ്റ്-

ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യ മികച്ച നിലയിൽ. രണ്ടാം ദിനം 5 വിക്കറ്റിന് 310 റൺസ് എന്ന നിലയിൽ ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 6 വിക്കറ്റിന് 436 റൺ എന്ന നിലയിലാണ്. ശുഭ്മാൻ ഗില്ലിന്റെ സെഞ്ചുറി മികവിലാണ് ഇന്ത്യയുടെ സ്കോർ 400 കടന്നത്.

***************

## ദേശീയ കായിക നയം

ദേശീയ കായിക നയം 2025 സംബന്ധിച്ച് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന മാധ്യമ സമ്മേളനം തിരുവനന്തപുരത്ത് നടന്നു . പരിപാടിയിൽ,

രാജ്യത്ത് എല്ലാവരെയും ഉൾച്ചേർത്തുള്ള മികച്ച കായിക അന്തരീക്ഷം സൃഷ്ടിക്കുന്ന വിഷയത്തിൽ ചർച്ചകൾ നടന്നു. കായിക രംഗത്തെ വിദഗ്ധർ, മുതിർന്ന ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു .

***************

## പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റ് റിസൾട്ട്

പ്ലസ് വൺ പ്രവേശനത്തിൻറെ ആദ്യ സപ്ലിമെൻററി അലോട്ട്മെൻറ് റിസൾട്ട് പ്രസിദ്ധീകരിച്ചു. ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം നാളെ രാവിലെ 10 മണി മുതൽ 8 ന് വൈകുന്നേരം 4 വരെ നടത്തും. മോഡൽ റെസിഡെൻഷ്യൽ സ്കൂളുകളിലേയ്ക്കുള്ള സപ്ലിമെന്ററി അലോട്ട്മെൻറും ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

***************

## മന്ത്രി ജി ആർ അനിൽ .

കേന്ദ്രം ഭക്ഷ്യവിഹിതം നിഷേധിച്ചാലും ഓണക്കാലത്ത് ന്യായവിലയ്ക്ക് ജനങ്ങൾക്ക് അരി എത്തിക്കുമെന്ന് മന്ത്രി ജി ആർ അനിൽ . റേഷൻ കടകൾ വഴി ആവശ്യമായ അരി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. വെളിച്ചെണ്ണ വില ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

***************

## മഴ

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ കോഴിക്കോട്, വയനാട് കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

***************

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 170 പോയിൻറ് നഷ്ടത്തിൽ 83,239 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 48 പോയിൻറ് കുറഞ്ഞു 25,405 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർദ്ധന. പവന് 320 രൂപ ഉയർന്ന് 72,840 രൂപയും ഗ്രാമിന് 40 രൂപ കൂടി 9,105 രൂപയുമാണ് ഇന്നത്തെ വില.

***************

## നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചു

കെഎസ്ഇബിയുടെ 400 കെ.വി വയനാട് - കാസറഗോഡ് പ്രസരണ ലൈൻ കടന്നു പോകുന്ന പ്രദേശങ്ങൾക്കായി നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചു. വൈദ്യുതി ടവർ നിൽക്കുന്ന സ്ഥലത്തിന് ന്യായവിലയുടെ 340 ശതമാനവും, ലൈൻ കടന്നു പോകുന്ന ഇടനാഴിയ്ക്ക് ന്യായവിലയുടെ 60 ശതമാനവും നൽകാനാണ് തീരുമാനം.

RNU TVPM

***************

## മന്ത്രി വി ശിവൻകുട്ടി

സംസ്ഥാനത്ത് 19 ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിയമനം നൽകുന്ന ഉത്തരവിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഒപ്പുവച്ചു. സ്ഥാനക്കയറ്റം വഴിയാണ് നിയമനം. സ്കൂൾ തുറന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അടിയന്തര നടപടികൾ കൈക്കൊണ്ട് സ്ഥാനക്കയറ്റ ഉത്തരവ് പുറത്തിറക്കുകയായിരുന്നു.

***************

## മന്ത്രി സജി ചെറിയാൻ

കൊല്ലം ജില്ലയിലെ മുണ്ടക്കൽ പാപനാശം മുതൽ കൊല്ലം ബീച്ച് വരെയുള്ള ഒരു കിലോമീറ്റർ ദൈർഘ്യമുള്ള വെടിക്കുന്ന് പ്രദേശം സംരക്ഷിക്കുന്നതിനായി 9.8 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കാൻ മന്ത്രിസഭ അംഗീകാരം നൽകിയതായി ഫിഷറീസ് മന്ത്രി സജി

ചെറിയാൻ. 60 മീറ്റർ നീളത്തിലുള്ള രണ്ട് പുലിമുട്ടുകളും 30 മീറ്റർ നീളത്തിലുള്ള നാല് പുലിമുട്ടുകളും സ്ഥാപിക്കുന്നതിലൂടെ, പ്രദേശം അഭിമുഖീകരിക്കുന്ന കഠിനമായ കടലാക്രമണത്തിന് ശാശ്വത പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

***************

## ബസ് സമരം

ഈ മാസം 8 മുതൽ സ്വകാര്യ ബസുകൾ സംസ്ഥാന വ്യാപകമായി സർവ്വീസ് നിർത്തി വച്ച് സൂചനാ സമരം നടത്തുമെന്ന് ബസ്സുടമകളുടെ സംയുക്ത സമരസമിതി. ബസുടമകളുടെ ആവശ്യങ്ങളിൽ സർക്കാരിൻറെ ഭാഗത്തു നിന്നും നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചാണ് സമരമെന്ന് സമരസമിതി അറിയിച്ചു. ഈ മാസം 22 മുതൽ അനിശ്ചിതകാല സമരം നടത്തുമെന്നും സംയുക്ത സമരസമിതി അറിയിച്ചു.

***************

## പാലക്കാട് റെയിൽവേ

പാലക്കാട് ഡിവിഷനു കീഴിൽ അറ്റകുറ്റ പണികൾ നടക്കുന്നതിനാൽ ചില ട്രെയിനുകൾ വൈകി ഓടുമെന്ന് റെയിൽവേ അറിയിച്ചു. ഈ മാസം ഒമ്പതിനും 23-നും സർവ്വീസ് നടത്തുന്ന തിരുവനന്തപുരം സെൻട്രൽ-ഹസ്രത്ത് നിസാമുദ്ദീൻ ജംഗ്ഷൻ വീക്ക് ലി സൂപ്പർഫാസ്റ്റ്, ആലപ്പുഴ-കണ്ണൂർ എക്സ്പ്രസ്, തിരുവനന്തപുരം-കണ്ണൂർ ജനശതാബ്ദി തുടങ്ങിയ ട്രെയിനുകൾ ഏകദേശം ഒരു മണിക്കൂർ വൈകിയോടും.

***************

**********

*****

PRD TVPM